പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2584 — 20/06/2013 ൽ മറുപടിയ്ക്ക്

## സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മോയിൻകുട്ടി :<br>ശ്രീ. കെ.എം, ഷാജി :<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ :<br>ശ്രീ. സി. മമ്മൂട്ടി : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;<br><br>ബി) സ്കൂൾ തുറക്കുന്നതിനുമുമ്പായി അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടുണ്ടോ എന്ന് പരിശോധിച്ച് ക്ലിയറൻസ് നൽകാൻ ഏതൊക്കെ ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;<br><br>സി) ഇനിയും അത്തരം പരിശോധന നടത്താത്ത ഏതെങ്കിലും സ്കൂളുകളുണ്ടെങ്കിൽ അവ സമയബന്ധിതമായി പരിശോധിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ ? | (എ) യും (ബി) യും (സി) യും | സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തേണ്ട നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. സ്കൂൾ തുറക്കുന്നതിനു മുമ്പായി സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയായി എന്ന് പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനിയറിംഗ് വിഭാഗമാണ്. ഇതു സംബന്ധിച്ച നിർദ്ദേശം നിലവിലുണ്ട്. സ്കൂൾ സന്ദർശന വേളകളിൽ എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷയും ഉറപ്പുവരുത്തേണ്ടതാണെന്ന് വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ